## പതിമൂന്നാം കേരളനിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 1163** — **3.12.2015 ലെ മറുപടിയ്ക്ക്**

### അദ്ധ്യാപക പാക്കേജ് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോസഫ് വാഴയ്ക്കൻ<br>ശ്രീ. വി.റ്റി. ബലറാം<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ടി.എൻ. പ്രതാപൻ | | ശ്രീ. പി.കെ.അബ്ദു റബ്ബ്<br>(വിദ്യാഭ്യാസവകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്ത് അദ്ധ്യാപക പാക്കേജ് നടപ്പാക്കാൻ പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; | (എ) യും (ബി) യും (സി) യും | സംസ്ഥാനത്തെ എയ്ഡഡ് സ്കൂൾ അദ്ധ്യാപകരുടെ നിയമനാംഗീകാരം, സംരക്ഷണം, തസ്തികനിർണ്ണയം എന്നിവ സംബന്ധിച്ച് അദ്ധ്യാപകപാക്കേജ് പ്രഖ്യാപിച്ചുകൊണ്ട് 1.10.2011 ൽ ജി.ഒ (പി)199/11/പൊവിവ നമ്പർ ഉത്തരവ് പുറപ്പെടുവിച്ചെങ്കിലും WP(C)30107/15 ലും സമാനകേസുകളിലും ഉണ്ടായ 15.1.2015 ലെ വിധിപ്രകാരം പാക്കേജും അനുബന്ധ ഉത്തരവുകളും ബഹു.ഹൈക്കോടതി റദ്ദാക്കിയിരിക്കുകയാണ്. സർക്കാർ നൽകിയ അപ്പീൽ കോടതി അനുവദിച്ചുവെങ്കിലും ആയതിന്മേൽ അന്തിമവിധി ആയിട്ടില്ല. പാക്കേജ് സംബന്ധിച്ച് പല ഉത്തരവുകൾ പിന്നീട് പുറപ്പെടുവിച്ചെങ്കിലും പാക്കേജ് സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകളെല്ലാം തന്നെ ബഹു.ഹൈക്കോടതിയുടെ പരിഗണനയിലാണ്. നിയമനാംഗീകാരം ലഭിക്കാതിരുന്ന അദ്ധ്യാപകർക്ക് അംഗീകാരം ലഭ്യമാക്കുന്നതിനും, തസ്തിക നഷ്ടപ്പെട്ട് പുറത്താകുന്ന അദ്ധ്യാപകരെ സംരക്ഷിക്കുന്നതിനും യു.ഐ.ഡി അടിസ്ഥാനത്തിൽ തസ്തിക നിർണ്ണയം, 2015-16 മുതൽ അനിവാര്യമായതിനാൽ ജി.ഒ (പി) 199/11/പൊവിവ മുഖേന ഉത്തരവായ അദ്ധ്യാപകപാക്കേജ് പിൻവലിച്ച് വീണ്ടും ഒരു പുതിയ പാക്കേജ് 6.08.2015 ലെ ജി.ഒ (പി) 213/15/പൊവിവ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചെങ്കിലും ആയതും ബഹു.ഹൈക്കോടതിയുടെ പരിഗണനയിലാണ്. |
| (ബി) | എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പദ്ധതി വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | | |
| (സി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ? | | |

(ഒപ്പ്)
സെക്ഷൻ ഓഫീസർ